# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1580** **14-07-2016-ൽ മറുപടിയ്ക്ക്**

## <u>വാണിജ്യ നികുതി വരുമാനത്തിലെ കുറവ്</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. ബാബു | | ഡോ. ടി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ വാണിജ്യ നികുതി വരുമാനത്തിൽ എത്ര ശതമാനത്തിന്റെ കുറവാണ് ഉണ്ടായിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാണിജ്യ നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ചാ നിരക്ക് കൈവരിക്കാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ വാണിജ്യ നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ചാ നിരക്കും വളർച്ചാ നിരക്കിൽ വന്ന കുറവും ചുവടെ ചേർക്കുന്നു. |

| വർഷം | പ്രതീക്ഷിച്ച വളർച്ചാ നിരക്ക് | ലഭിച്ച വളർച്ചാ നിരക്ക് | വളർച്ചാ നിരക്കിൽ വന്ന കുറവ് |
|---|---|---|---|
| 2011-12 | 20% | 20% | 0 |
| 2012-13 | 22% | 19% | 3% |
| 2013-14 | 24% | 11% | 13% |
| 2014-15 | 26% | 10% | 16% |
| 2015-16 | 25% | 12% | 13% |

| | | | |
|---|---|---|---|
| (ബി) | നികുതി ചോർച്ച തടയുന്നതിനും, നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | നികുതി ചോർച്ച തടയുന്നതിനും, നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>1) ഏറ്റവും പ്രധാനം അഴിമതി ഇല്ലാതാക്കലാണ്.<br>2) കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സൂട്ടിനി സാദ്ധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.<br>3) ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. അതുപോലെതന്നെ കംപ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ |

| | | | |
|---|---|---|---|
| | | | ബില്ലുകൾ തത്സമയംതന്നെ അപ് ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.<br>**4)** കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.<br>**5)** ആധുനിക സംയോജിത ചെക്ക്പോസ്റ്റുകൾ സമയബന്ധിതമായി സ്ഥാപിക്കും.<br>**6)** അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.<br>**7)** റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും.<br>**8)** റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.<br>**9)** നികുതി ചോർച്ച തടയുന്നതിന് റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളും കർശന നടപടി സ്വീകരിക്കുന്നുണ്ട്.<br>**10)** അനധികൃത മദ്യ വില്പനയ്ക്കെതിരെ എക്സൈസ് വകുപ്പ് കർശന നിലപാട് സ്വീകരിക്കുന്നുണ്ട്.<br>**11)** വാഹനങ്ങളുടെ സീറ്റിംഗ് കപ്പാസിറ്റി കുറച്ചുകാണിക്കുക, പർച്ചേസ് വാല്യൂ കുറച്ചുകാണിക്കുക തുടങ്ങിയവയിലൂടെയുള്ള നികുതി വെട്ടിപ്പിനെതിരെ മോട്ടോർ വാഹന വകുപ്പ് കർശന നടപടികൾ കൈക്കൊള്ളും. |
| **(സി)** | ചെക്ക് പോസ്റ്റുകളിലെ വരുമാനത്തിൽ വന്ന കുറവ് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;<br>വിശദാംശം നൽകുമോ ? | **(സി)** | ചെക്ക് പോസ്റ്റുകളിലെ വരുമാനത്തിൽ കുറവ് വന്നിട്ടില്ല.<br>കഴിഞ്ഞ 5 വർഷങ്ങളിലെ ചെക്ക് പോസ്റ്റുകളിൽ നിന്നുള്ള വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| വർഷം | വരുമാനം (കോടി രൂപയിൽ) |
|---|---|
| 2011-12 | 659.72 |
| 2012-13 | 925.01 |
| 2013-14 | 1021.76 |
| 2014-15 | 1093.56 |
| 2015-16 | 1094.18 |

സെക്ഷൻ ഓഫീസർ.